LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ

152(4162) ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :
ശ്രീമതി ഒ. എസ്. അംബിക :
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാതെപോയ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരാൻ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്രശിക്ഷാ കേരളയുടേയും നേതൃത്വത്തിൽ പഠനമികവിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വിപുലമായ പ്രവർത്തനങ്ങളാണ് ഓരോ അക്കാദമിക വർഷവും നടത്തിവരുന്നത്. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പഠന പരിപോഷണ പരിപാടികൾ (Learning Enhancement Programmes) ഇത്തരം കുട്ടികൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ്. മലയാള ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് -മലയാളത്തിളക്കം, ഇംഗ്ലീഷ് ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന്-ഹലോ ഇംഗ്ലീഷ്/ഹലോ വേൾഡ്, ഹിന്ദി ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന്-സുരീലിഹിന്ദി, ഗണിത ശാസ്ത്രത്തിൽ പഠനപിന്തുണ നൽകുന്നതിന് ഗണിതവിജയം, ശാസ്ത്രത്തിൽ പഠന പിന്തുണ നൽകുന്നതിന് -ശാസ്ത്രപഥം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ പ്രത്യേകം പഠനപോഷണ പരിപാടികൾ നടത്തുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഇത്തരം കുട്ടികൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ അക്കാദമിക് നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 20 ഗവൺമെന്റ് ഹയർസെക്കണ്ടറി വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് നടത്തിവരുന്ന പദ്ധതിയാണ് Quality Improvement Programme (QIP) മേൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രത്യേക പരിശീലനവും നൽകിവരുന്നു.

(ബി) പഠന പരിമിതി കണ്ടെത്തുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയോ മാനദണ്ഡങ്ങൾ രൂപീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പഠന പുരോഗതി കണ്ടെത്തുന്നതിന് പ്രധാനമായും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നടത്തുന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വേ (NAS), സമഗ്രശിക്ഷാ കേരള നടത്തുന്ന സ്റ്റേറ്റ് അച്ചീവ്മെന്റ് സർവ്വേ (SAS) സംസ്ഥാനം നടത്തുന്ന വാർഷിക അസെസ്സ്മെന്റുകൾ എന്നീ ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുട്ടികളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരാനായി എന്തെല്ലാം പരിഹാര ബോധന രീതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; ഇതിനായി ചുമതലപ്പെട്ട അദ്ധ്യാപകർക്കുള്ള പരിശീലനം ലഭ്യമാക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്രശിക്ഷാ കേരളയുടേയും നേതൃത്വത്തിൽ പഠനമികവിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വിപുലമായ പ്രവർത്തനങ്ങളാണ് ഓരോ അക്കാദമിക വർഷവും നടത്തിവരുന്നത്. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പഠന പരിപോഷണ പരിപാടികൾ (Learning Enhancement Programmes) ഇത്തരം കുട്ടികൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ്. മലയാള ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് - മലയാളത്തിളക്കം, ഇംഗ്ലീഷ്ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് -ഹലോ ഇംഗ്ലീഷ്/ഹലോ വേൾഡ്, ഹിന്ദി ഭാഷയിൽ പഠന പിന്തുണ നൽകുന്നതിന് - സുരീലിഹിന്ദി, ഗണിതശാസ്ത്രത്തിൽ പഠനപിന്തുണ നൽകുന്നതിന്-ഗണിതവിജയം, ശാസ്ത്രത്തിൽ പഠന പിന്തുണനൽകുന്നതിന് - ശാസ്ത്രപഥം. എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ പ്രത്യേകം പഠന പോഷണ പരിപാടികൾ നടത്തുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഇത്തരം കുട്ടികൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയുംചെയ്യുന്നു. സംസ്ഥാനത്തെ അക്കാദമിക് നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന 20 ഗവൺമെൻറ് ഹയർ സെക്കണ്ടറി വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് നടത്തിവരുന്ന പദ്ധതിയാണ് Quality Improvement Programme (QIP) മേൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രത്യേക പരിശീലനവും നൽകിവരുന്നു. ഇതിനായി ഓരോ വിഷയത്തിനും സംസ്ഥാനതലത്തിൽ വിദഗ്ധരുടെ മേൽനോട്ടത്തിൽ വിശദവും ശാസ്ത്രീയവുമായ മൊഡ്യൂളുകൾ തയ്യാറാക്കി, അതത് വിഷയങ്ങളിലെ അദ്ധ്യാപകർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുന്നു.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുന്ന പദ്ധതികൾ

153(4163) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.